LIBRARY ARCHIVES Kerala Legislative Assembly

റബ്ബറധിഷ്ഠിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറികൾ

123(5282) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബർ കർഷകരെ സഹായിക്കാൻ പ്രകൃതിദത്ത റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗപ്പെടുത്തി വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഫാക്ടറികൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ്" എന്ന പേരിൽ, സിയാൽ മാതൃകയിൽ, ഒരു കമ്പനി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ കരട് പ്രോജക്ട് റിപ്പോർട്ട് കിറ്റ്കോ സമർപ്പിച്ചിട്ടുണ്ട്. KSIDC-യുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നത്. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുവാൻ കിൻഫ്രയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് സംസ്ഥാന സർക്കാരിനു ലഭിച്ച HNL-ന്റെ ഭൂമിയിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. കേരള റബർ ലിമിറ്റഡിന് ഭൂമി ലഭ്യമായാലുടൻതന്നെ പദ്ധതിക്ക് തറക്കല്ലിടാനും അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിച്ച് പ്രസ്തുത പദ്ധതിയുടെ തുടർ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുവാനുമാണ് ഉദ്ദേശിക്കുന്നത്. വടക്കൻ മലബാറിലെ റബ്ബർ കർഷകരുടെ ഉന്നമനത്തിനായി കണ്ണൂർ ജില്ലയിൽ KSIDC-യുടെ പങ്കാളിത്തത്തോടുകൂടി റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള നടപടി പുരോഗമിക്കുന്നു. ആദ്യഘട്ടത്തിൽ എക്സ്ട്രൂഡഡ് ഗ്ലൗസ്/സർജിക്കൽ ഗ്ലൗസ് തുടങ്ങിയ ഉത്പന്നങ്ങളാവും ഉത്പാദിപ്പിക്കുക. റബ്ബർ ബോർഡിന്റെ സാങ്കേതിക സഹായത്തോടെയാകും നിർദ്ദിഷ്ട യൂണിറ്റ് നിലവിൽ വരുക. ഈ കമ്പനിയിൽ ഓഹരി പങ്കാളിത്തം ആകർഷിക്കുന്നതിനായി റബ്ബർ കർഷകരെയും സൊസൈറ്റികളെയും സ്വകാര്യ സംരംഭകരെയും പ്രവാസികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു നിക്ഷേപക സംഗമം 18-2-2020-ൽ കണ്ണൂരിൽ വച്ച് നടത്തപ്പെടുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

പരമ്പരാഗത വ്യവസായം

124(5283) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്ക വ്യവസായത്തിൽനിന്നും ലഭിക്കുന്ന വരുമാനം പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;